**കേരള സർക്കാർ**

**ധനകാര്യ പരിശോധന (എൻ.റ്റി-എ) വകുപ്പ്**

**നം.54/2017/ധന.** തിരുവനന്തപുരം, തീയതി : 15.07.2017

**<u>പരിപത്രം</u>**

വിഷയം :- ജില്ലാ കളക്ടർമാർ ജില്ലാ ധനകാര്യ പരിശോധനാ ഓഫീസർമാരോട് അന്വേഷണം നടത്തുവാൻ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന :- സ.ഉ (സാധാ) നമ്പർ 376/96/ധന. തീയതി 03.06.1996.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഒരു എക്സ്റ്റൻഷൻ എന്ന നിലയിലാണ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളുടെ നിലനിൽപ്പെന്നും, അവർ നടത്തുന്ന എല്ലാ പരിശോധനകളും വിംഗിന്റെ അനുമതിയോടെയും അംഗീകാരത്തോടെയും ആയിരിക്കേണ്ടതാണെന്നും സൂചന പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്ന പരാതികൾ നേരിട്ട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങൾക്ക് അന്വേഷണത്തിന് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രവൃത്തികളും, ഫണ്ട് വിനിയോഗവും സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്ന ധനകാര്യ പരിശോധനാ വിഭാഗം മുഖേന അന്വേഷണം നടത്തേണ്ടതായ എല്ലാ പരാതികളും ധനകാര്യ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് ആവശ്യമെങ്കിൽ ധനകാര്യ പരിശോധനാ വിഭാഗമോ, ജില്ലാ പരിശോധനാ സ്ക്വാഡുകളോ അന്വേഷണ ചുമതല ഏറ്റെടുക്കുന്നതുമാണ്.

**മിൻഹാജ് ആലം**

ധനകാര്യ റിസോഴ്സസ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും

ധനകാര്യ പരിശോധനാ (എൻ.റ്റി) വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

എല്ലാ ജില്ലാ ധനകാര്യ പരിശോധനാ ഓഫീസർമാർക്കും

ധനകാര്യ (ഭരണം-എ) വകുപ്പ്

ധനകാര്യ (റിസോഴ്സസ്) സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ